**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 7566 — 17.07.2012 ൽ മറുപടിയ്ക്ക്

**ദേശീയ സാമൂഹിക സഹായ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. വി.ഡി. സതീശൻ** | **ഡോ. എം.കെ. മുനീർ** |
| **" കെ. അച്ചുതൻ** | (പഞ്ചായത്തും സാമൂഹ്യക്ഷേമവും |
| **" വി.റ്റി. ബൽറാം** | വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേശീയ സാമൂഹിക സഹായ പദ്ധതികളുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | ദേശീയ സാമൂഹിക സഹായ പദ്ധതികളുടെ പ്രയോജനത്തിന് അർഹരായവരെ കണ്ടെത്തുവാൻ കുടുംബശ്രീ അയൽകൂട്ടങ്ങളെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പെൻഷന് അർഹതയുള്ള മുഴുവൻ പേരുടെയും വ്യക്തിഗത വിവരങ്ങൾ ശേഖരിക്കാൻ അയൽകൂട്ടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവര ശേഖരണം പൂർത്തിയാക്കി തയ്യാറാക്കുന്ന പട്ടിക അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിയമ പ്രകാരമുള്ള പരിശോധനകൾക്കായി സമർപ്പിക്കുന്നതാണ്. പ്രസ്തുത പട്ടിക പരിശോധിച്ച് അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. |
| (ബി) | ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ അയൽകൂട്ടങ്ങളെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നല്കാമോ; | | |
| (സി) | ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | |

R. Vijayan

സെക്ഷൻ ഓഫീസർ